## (2) 1985-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ബിൽ—(തുടർച്ച)

(ശ്രീ. പി. സി. ജോർജ്ജ് നോട്ടീസ് നൽകിയത്)

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടെ അവതരിപ്പിച്ച കർഷകത്തൊഴിലാളി ക്ഷേമനിധി ബിൽ അതിന് അവതരണാനുമതി ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ ഗവൺമെന്റിനു അധികാരത്തിലിരിക്കാൻ അവകാശമുണ്ടോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. സി. ജോർജ് ആവശ്യപ്പെട്ടിരിക്കുന്നത് ഇന്നത്തെ നിലയിലുള്ള സഹകരണ നിയമത്തിന്റെ ഒരു ഭേദഗതിയാണ്. ഈ ഭേദഗതികൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്നത് നിലവിലുള്ള സംഘങ്ങളിലോ, ബാങ്കുകളിലോ വായ്പ എടുത്തിട്ടുള്ളവർക്കുവേണ്ടി ജാമ്യം നിന്നിട്ടുള്ള ഡയർക്ടർ ബോർഡ് അംഗങ്ങൾക്ക്, ഈ വായ്പക്കാരൻ വീഴ്ച വരുത്തിയാൽ ഡിസ്ക്വാളിഫിക്കേഷൻ വന്നുപോകുന്നുണ്ട്. ഈ ഡയറക്ടർ ബോർഡ് മെമ്പർമാർക്ക് ഒരു നോട്ടീസ് കൊടുത്ത് രേഖാമൂലം അവരെ അറിയിച്ച് അവരെ സഹായിക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം. അതുപോലെതന്നെ വീഴ്ച വന്നുപോകുന്ന ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക്, വീഴ്ച വന്നുപോയിട്ടുള്ളവർക്ക് അവരുടെ മെമ്പർഷിപ്പ് നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അത് തിരിച്ചു കൊടുക്കണം. ഇതാണ് അദ്ദേഹം ഉന്നയിക്കുന്ന ഭേദഗതിയുടെ ഉദ്ദേശം. ഇന്ന് നിലവിലുള്ള ചട്ട പ്രകാരം ഒരു ഡയറക്ടർ ബോർഡംഗം ആ ബാങ്കിലെ എല്ലാ നടപടി ക്രമങ്ങളും അറിഞ്ഞിരിക്കേണ്ട ആളായിരിക്കണം. പീരിയോഡിക്കൽ റവ്യു, അതുപോലെതന്നെ റെക്കവറി ഓഫ് ലോൺസ് തുടങ്ങിയിട്ടുള്ള കാര്യങ്ങളൊക്കെ അറിഞ്ഞിരിക്കേണ്ടതാണ്. നിലവിലുള്ള പല സംഘങ്ങളിലും വീഴ്ച വരുത്തിയാൽ ഇന്നുതന്നെ ബൈലായിൽ ഉൾപ്പെടുത്തി നോട്ടീസ് കൊടുത്ത് അവരെ വിവരം അറിയിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. ഗ്രാമത്തിലെ ജനങ്ങളുടെ എല്ലാമെല്ലാമാണ് ഈ സഹകരണ സംഘങ്ങൾ. ആ സംഘത്തിലെ ഡയറക്ടർ ബോർഡ് മെമ്പറായി വരുന്നയാൾ ആ സംഘത്തിന്റെ എല്ലാ നടപടികളും അറിയുകയും ആ സംഘത്തിനു വരുന്ന വീഴ്ചകളും, അതുപോലെ സംഘത്തിന്റെ കുടിശികകളെക്കുറിച്ചൊക്കെ അറിഞ്ഞു പ്രവർത്തിക്കേണ്ട ഒരു ആളുമായിരിക്കണം. അദ്ദേഹത്തിന് ഒരു നോട്ടീസ് കൊടുക്കേണ്ട കാര്യമുണ്ട്, എന്ന് ഗവൺമെന്റ് കരുതുന്നില്ല. ഭൂരിപക്ഷം സംഘങ്ങളിൽ ഇന്ന് ബൈലാപ്രകാരം നോട്ടീസ് കൊടുക്കുന്നുമുണ്ട്. അതിനു പ്രത്യേകമായി ഒരു നിയമം കൊണ്ടുവരേണ്ട ആവശ്യമുണ്ടെന്നു ഗവൺമെന്റ് കരുതുന്നില്ല. തീർച്ചയായും ഡയറക്ടർ ബോർഡ് അംഗങ്ങൾ ഉത്തരവാദിത്വമുള്ളവരായിരിക്കണം. ഒരു കൃത്യവിലോപവും കാണിക്കാൻ പാടില്ല. അവരുടെ ചുമതലാബോധം തീർച്ചയായും അവർക്ക് ഈ ബാങ്കിനോടും, സംഘത്തോടും ഉള്ള അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കാൻ അവർക്ക് സന്നദ്ധത ഉണ്ടായിരിക്കണം. അതിനു പുറമേ ഒരു നോട്ടീസ് കൊടുത്ത് ഇത് അവരെ അറിയിക്കുകയെന്നാണ് പറയുന്നത്, അതിനോട് യോജിക്കാൻ ഗവൺമെന്റിനു കഴിയുന്നില്ല. നിലവിലുള്ള സംഘങ്ങൾക്ക് ആ ബൈലാപ്രകാരം കൊടുക്കുന്നതുമാണ്. അതിൽ യാതൊരു തെറ്റുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇത് പിൻവലിക്കണമെന്നാണ് എന്റെ അപേക്ഷ. പുതിയ സഹകരണ നിയമം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്, അതുകൊണ്ട് പി. സി. ജോർജ് ഇത് പ്രസ്സ് ചെയ്യരുതെന്നാണ് എന്റെ അപേക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

1985-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ബില്ലിന് അവതരണാനുമതി നൽകണമെന്നുള്ള പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു,

**ശ്രീ. എ. സി. ഷൺമുഖദാസ് :** സർ, ഞാൻ പോലും ആവശ്യപ്പെടുന്നു.

(താഴെ പറയും പ്രകാരം സഭാംഗങ്ങൾ വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—48

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ,, കെ. അവുക്കാദർക്കുട്ടി നഹ
3. ,, ആർ. ബാലകൃഷ്ണപിള്ള
4. ,, തെന്നല ജി. ബാലകൃഷ്ണ പിള്ള
5. ,, പി. കെ. കെ. ബാവ
6. ,, യു. എ. ബീരാൻ
7. ,, ബെന്നി ബഹനാൻ
8. ,, പി. ഭാസ്കരൻ
9. ,, വി. ദിനകരൻ
10. ,, എ. ജോർജ്ജ്
11. ,, പി. സി. ജോർജ്ജ്
12. ,, എം. എം. ഹസ്സൻ
13. ,, എം. പി. എം. ഇസ്ഹാക് കുരിക്കൾ
14. ,, എ. എൽ. ജേക്കബ്ബ്
15. ,, ടി. എം. ജേക്കബ്ബ്
16. ,, ടി. എസ്. ജോൺ
17. ,, എ. സി. ജോസ്
18. ഡോക്ടർ കെ. സി. ജോസഫ്
19. ശ്രീ. പി. ജെ. ജോസഫ്
20. ശ്രീമതി എം. കമലം
21. ശ്രീ. കെ. ജി. ആർ. കർത്താ
22. ,, കെ. കരുണാകരൻ
23. ,, പി. കെ. കുഞ്ഞാലിക്കുട്ടി
24. ശ്രീ. മണിമംഗലത്തു കുട്യാലി
25. ,, കെ. പി. എ. മജീദ്
26. ,, ഇ. ടി. മുഹമ്മദ് ബഷീർ
27. ,, കെ. പി. നൂറുദ്ദീൻ
28. ,, ഉമ്മൻചാണ്ടി
29. ,, സി. വി. പത്മരാജൻ
30. ,, തച്ചടി പ്രഭാകരൻ
31. ,, കെ. രാഘവൻ മാസ്റ്റർ
32. ,, കെ. പി. രാമചന്ദ്രൻനായർ
33. ,, എസ്. രാമചന്ദ്രൻപിള്ള
34. ,, തേറമ്പിൽ രാമകൃഷ്ണൻ
35. ,, തോപ്പിൽ രവി
36. ,, എൻ. ശക്തൻ നാടാർ
37. ,, പി. സീതിഹാജി
38. ,, കടവൂർ ശിവദാസൻ
39. ,, എൻ. ശ്രീനിവാസൻ
40. ,, പന്തളം സുധാകരൻ
41. ,, കോട്ടക്കുഴി സുകുമാരൻ
42. ,, സി. എം. സുന്ദരം
43. ,, എൻ. സുന്ദരൻനാടാർ
44. ,, വി. സുരേന്ദ്രൻപിള്ള
45. ,, സി. എഫ്. തോമസ്
46. ,, കെ. കെ. തോമസ്
47. ,, പി. കെ. വേലായുധൻ
48. ,, സ്റ്റീഫൻ പാടുവ.

പ്രതികൂലിക്കുന്നവർ—50

1. ശ്രീ. ടി കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബിജോൺ
5. ,, കെ. കെ. ബാലകൃഷ്ണൻ
6. ,, കോടിയേരി ബാലകൃഷ്ണൻ
7. ,, ഒ. ഭരതൻ
8. ശ്രീമതി ഗൗരിയമ്മ തങ്കപ്പൻ
9. ശ്രീ. സി. കെ. ചക്രപാണി
10. ,, കെ. ആർ. ചന്ദ്രമോഹനൻ
11. ,, കെ. ചന്ദ്രശേഖരൻ
12. ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള
13. ,, സിറിയക് ജോൺ
14. ശ്രീമതി പി. ദേവൂട്ടി
15. ,, കെ. ആർ. ഗൗരി
16. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
17. ,, ടി. കെ. ഹംസ
18. ,, കെ. ഇ. ഇസ്മായിൽ
19. ,, ഇ. കെ. നായനാർ
20. ,, വി. സി. കബീർ
21. ,, കെ. ടി. കണാരൻ
22. ,, എം. കെ. കേശവൻ

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. വി. കേശവൻ
24. ,, സി. ടി. കൃഷ്ണൻ
25. ,, കെ. കൃഷ്ണൻ കുട്ടി
26. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27. ,, കെ. ടി. കുമാരൻ
28. ,, പി. വി. കുഞ്ഞിക്കണ്ണൻ
29. ,, ലോനപ്പൻനമ്പാടൻ
30. ,, സി. പി. മൂസ്സാൻകുട്ടി
31. ,, എ. കെ. പത്മനാഭൻ
32. ,, ഇ. പത്മനാഭൻ
33. ,, കെ. പങ്കജാക്ഷൻ
34. ,, ടി. പി. പീതാംബരൻ മാസ്റ്റർ
35. ,, കെ. പി. പ്രഭാകരൻ
36. ശ്രീമതി റേച്ചൽ സണ്ണി പനവേലി
37. ശ്രീ. വർക്കല രാധാകൃഷ്ണൻ
38. ,, വി. കെ. രാജൻ
39. ,, കാനം രാജേന്ദ്രൻ
40. ,, എ. സി. ഷൺമുഖദാസ്
41. ഡോക്ടർ എ. സുബ്ബറാവു
42. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
43. ,, എ. വി. താമരാക്ഷൻ
44. ,, സി. കെ. തങ്കപ്പൻ
45. ,, വി. ജെ. തങ്കപ്പൻ
46. ,, എസ്. ആർ. തങ്കരാജ്
47. ,, പി. സി. തോമസ് (കടുത്തുരുത്തി)
48. ,, ആർ. എസ്. ഉണ്ണി
49. ,, ജി. വരദൻ
50. ,, പി. വിജയദാസ്

നിഷ്പക്ഷകർ—ഇല്ല.

പ്രമേയം പിൻവലിക്കുന്നതിനെ അനുകൂലിക്കുന്നവർ—48

പ്രമേയം പിൻവലിക്കുന്നതിനെ എതിർക്കുന്നവർ—50

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പിൻവലിക്കുന്നതിന് അനുമതി നിഷേധിച്ചിരിക്കുന്നു.

## (3) പ്രമേയങ്ങൾ

### (1) നെൽകൃഷിക്കാരുടെ പ്രശ്നങ്ങൾ—(ചർച്ച തുടർച്ച)

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

"കേരളത്തിലെ ഒരു പ്രധാന കൃഷിയും ജനങ്ങളുടെ ഭക്ഷ്യാവശ്യത്തിന്റെ വലിയൊരു ഭാഗം നിർവ്വഹിക്കുന്നതുമായ നെൽക്കൃഷി നശിച്ചുകൊണ്ടിരിക്കുന്നതിൽ ഈ സഭ ഉൽക്കണ്ഠ രേഖപ്പെടുത്തുന്നതോടൊപ്പം വർഷങ്ങളായി ആദായകരമല്ലാതായിത്തീർന്ന നെൽകൃഷിയുടെ നഷ്ടം താങ്ങാനാവാതെ കൃഷിക്കാർ നെൽവയലുകൾ നികത്തി മറ്റു കൃഷികൾക്കും മറ്റു പല ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്ന പ്രവണതയ്ക്കൊരു പരിഹാരമുണ്ടാക്കുന്നതിനും നെൽകൃഷി ആദായകരമായി നിലനിർത്തുന്നതിനും ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉടനടി അംഗീകരിച്ചു നടപ്പാക്കണമെന്ന് ഈ സഭ ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു".

സർ, കേരളത്തിലെ നെൽകൃഷി രക്ഷിക്കുന്നതിന് എല്ലാ നെൽകൃഷിക്കാർക്കും, വളത്തിനും, കീടനാശിനിക്കും വേണ്ടി വിലയുടെ 50% സബ്സിഡി കൊടുക്കണമെന്നും മറ്റുമുള്ള നിർദ്ദേശങ്ങളടങ്ങുന്ന 1981-ലെ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് ഉടൻ അംഗീകരിച്ച് നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്ന എന്റെ പ്രമേയം കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ വായിച്ച് അവതരിപ്പിച്ചതാണ്. കഴിഞ്ഞ 10 വർഷക്കാലത്തിനിടയ്ക്ക് കേരളത്തിലെ നെൽകൃഷിക്കുണ്ടായ തകർച്ചയും അതിന്റെ കാരണങ്ങളും, കണക്കുകളും നിരത്തിവച്ചുകൊണ്ട് തന്നെ ഞാൻ അന്ന് വിശദമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly